ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മുസ്ലിം, നിയോ ബുദ്ധിസ്റ്റ് വിഭാഗങ്ങൾക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പദ്ധതിയാണിത്.

(ബി-ഡി) ഏരിയ ഇന്റൻസീവ് പദ്ധതിക്ക് കീഴിൽ നിലവിൽ അപേക്ഷകളൊന്നും ഇല്ല.

ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ ഉൾപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർ

14 (6978) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏരിയ ഇന്റൻസീവ് പ്രോഗ്രാം സ്കീമിൽ ഉൾപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് ഏതു കാലയളവ് മുതലാണ് മോണിറ്ററി ബെനിഫിറ്റ് കണക്കാക്കിയിട്ടുള്ളത് ;

(സി) മോണിറ്ററി ബെനിഫിറ്റിനർഹതയുള്ള കാലത്തിന് മുമ്പുള്ള ഇതേ സ്കൂളിലെ സർവ്വീസ്, സർവ്വീസ് കാലയളവായി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതേ കാലയളവിൽ എ.ഐ.പി. സ്കൂളുകളിൽ ജോലിചെയ്തിരുന്ന അദ്ധ്യാപകർ പിന്നീട് മറ്റ് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ജോലിയിൽ പ്രവേശിച്ചാൽ അവരുടെ എ.ഐ.പി. സ്കൂളുകളിലെ സേവനകാലം ഗ്രേഡിനുള്ള സർവ്വീസ് കാലയളവായി പരിഗണിക്കുമോ ?

ഉത്തരം

(എ) ഉത്തരവായിട്ടുണ്ട്.

(ബി) 1-6-2012 മുതൽ മോണിറ്ററി ബെനിഫിറ്റ് കണക്കാക്കിയിട്ടുണ്ട്.

(സി) നാഷണൽ സർവ്വീസായി കണക്കാക്കിയിരിക്കുന്നു.

(ഡി) പരിഗണിക്കാം.

അംഗീകാരമില്ലാത്ത സ്കൂളുകൾ

15 (6980) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് നിലവിൽ വന്നിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly